51

K25U 1424

Reg. No. : ...............................

Name : ...................................

**Second Semester B.A./B.Sc. Degree (C.B.C.S.S. – OBE-Supplementary/ Improvement) Examination, April 2025**
**(2019 to 2023 Admissions)**
**ADDITIONAL COMMON COURSE IN MALAYALAM**
**2A08MAL : കവിതാ മാതൃകകൾ**

Time : 3 Hours                                                                 Max. Marks : 40

I. **ഓരോന്നും 300** വാക്കിൽ കവിയാതെ ഏതെങ്കിലും **2** ചോദ്യത്തിന് ഉത്തരമെഴുതുക.

1) സമകാലിക മലയാള കവിതയുടെ സവിശേഷതകൾ പാഠ്യഭാഗങ്ങളെ ആസ്പദമാക്കി വിവരിക്കുക.

2) മാപ്പിളപ്പാട്ട് കൃതികളുടെ സവിശേഷതകൾ വിവരിക്കുക.

3) 'ഓണം എന്ന മിത്തിനെ ചരിത്രവും വർത്തമാനവും കൊണ്ട് അപനിർമിക്കുന്ന കവിതയാണ് ഓണപ്പാട്ടുകാർ' – ഈ അഭിപ്രായം ശരിയോ ? ചർച്ച ചെയ്യുക.

4) കൃഷ്ണഗാഥയിലെ, ഭാഷ, അലങ്കാര പ്രയോഗം, കാവ്യഭംഗി എന്നിവയെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക. **(2×7=14)**

II. ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നും 150** വാക്കിൽ കവിയരുത്.

5) എഴുത്തച്ഛന്റെ വർണ്ണനാപാടവത്തെ കുറിച്ച് ശൂർപ്പണഖാഗമനം എന്ന ഭാഗത്തെ മുൻനിർത്തി വിവരിക്കുക.

6) പട്ടിജന്മം എന്ന കവിതയിലെ ആശയതലങ്ങൾ ചർച്ച ചെയ്യുക.

7) പൃത്ഥ്വിയിലന്നു മനുഷ്യർ നടന്ന പ
ദങ്ങളിലിപ്പൊഴധോമുഖ വാമനർ
ഇത്തിരിവട്ടം മാത്രം കാണ്മവർ
ഇത്തിരിവട്ടം ചിന്തിക്കുന്നവർ
ഈ വരികളുടെ ചരിത്രപരവും സമകാലികവുമായ പ്രാധാന്യത്തെക്കുറിച്ച് വിവരിക്കുക.

P.T.O.



8) ശരത്കാലത്തെ ചെറുശ്ശേരി വർണ്ണിക്കുന്നതെങ്ങനെ ?

9) മനുഷ്യ സൃഷ്ടിയെക്കുറിച്ച് വേദവിഹാരം മഹാകാവ്യത്തിൽ ആവിഷ്കരിക്കുന്നതെങ്ങനെ ?

10) അട്ടപ്പാടിയെക്കുറിച്ചുള്ള കവിയുടെ വിഹ്വലതകൾ എന്തെല്ലാം ? **(4×3=12)**

III. ഏതെങ്കിലും **4** ചോദ്യത്തിന് ഉത്തരം എഴുതുക. **ഓരോന്നും 100** വാക്കിൽ കവിയരുത്.

11) 'പെരുവഴിയെ നടന്നാൽ
അടിച്ചോടിക്കുമായിരുന്ന
ഒരു കാലമുണ്ടായിരുന്നു
നീവിശ്വസിക്കുമോ' – ഈ വരികളുടെ ചരിത്ര പ്രാധാന്യം വിശദമാക്കുക.

12) 'മദിത്ത് ഖ്വുബ്ബമുകളിലേറി
നിദം അദിശാപുദുമറാവി' – സന്ദർഭവും ആശയവും എഴുതുക.

13) 'അപ്പനപ്പൂപ്പന്മാരായി പഠിപ്പിച്ചു തന്നതാണ്
അപരിചിതത്വത്തെ കുരച്ചു തോൽപ്പിക്കാൻ
പരിചിതങ്ങളെ നക്കിത്തുടയ്ക്കാൻ' – ഈ വരികളിലെ അർത്ഥതലങ്ങൾ വിശദമാക്കുക.

14) രാത്രിമരം എന്ന കവിതയെ പരിചയപ്പെടുത്തുക.

15) 'സുന്ദര വേഷത്തോടും മന്ദഹാസവുംപൊഴി
ഞ്ഞിന്ദിരാവരനോടുമന്ദമായരുൾ ചെയ്താൾ' – അരുളിച്ചെയ്തതെന്തെല്ലാം ?

16) സമയമായില്ല പോലുംസമയമായില്ല പോലും
ക്ഷമയെന്റെഹൃദയത്തിലൊഴിഞ്ഞുതോഴീ
ഈ വരികളുടെ സന്ദർഭവും ആശയതലവും വിശദമാക്കുക. **(4×2=8)**

IV. ഏതെങ്കിലും **നാല്** ചോദ്യത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) പി. കുഞ്ഞിരാമൻ നായർ

18) കിളിപ്പാട്ട്

19) വി. എം. ഗിരിജ

20) എസ്. ജോസഫ്

21) കരുണ

22) ചെറുശ്ശേരി. **(4×1½=6)**

---